WEDNESDAY 12/03/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

GOVERNMENT OF KERALA


**Chief Editor: Haripriya Devi VV (I/C)** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/03/2025

1. തിരുവനന്തപുരം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആത്മ മുഖേന ജൈവ കൃഷിക്കും. ജൈവ ഉത്പന്നങ്ങൾക്കും നൂറു ശതമാനം സൗജന്യമായി സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പി.ജി.എസ് സർട്ടിഫിക്കേഷൻ പദ്ധതി നടപ്പിലാക്കുന്നു. കർഷകർ വിവരങ്ങൾക്കായി അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാല, അഗ്രി ബിസിനസ്സ് ഇൻക്യുബേറ്റർ, ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭം തുടങ്ങുന്നവർക്കായി Detailed Project Report തയ്യാറാക്കി നൽകുന്നു. താത്പര്യം ഉള്ളവർ കൂടുതൽ വിവരങ്ങൾ അറിയുവാൻ 0487 2438332 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

3. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തിയിലെ യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം & ഫോഡർ റിസർച്ച് ഡെവലപ്പ്മെന്റ് സ്കീമിലേയ്ക്ക് ടീച്ചിങ് അസിസ്റ്റൻ്റിനായി വാക്ക് ഇൻ ഇൻ്റർവ്യൂ നടത്തുന്നു. ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനം. ഇന്റർവ്യൂവിൽ പങ്കെടുക്കാനാഗ്രഹിയ്ക്കുന്നവർ 2025 മാർച്ച് 20ന് രാവിലെ 10 മണിയ്ക്ക് ULF ഓഫീസിൽ എത്തിച്ചേരേണ്ടതാണ്.കൂടുതൽ വിവരങ്ങൾക്കും നിയമനം സംബന്ധിച്ച നിബന്ധനകൾക്കും www.kvasu.ac.in എന്ന യൂണിവേഴ്സിറ്റി വെബ്സൈറ്റ് സന്ദർശിയ്ക്കുക.

### പരിശീലന പരിപാടി

4. കേരള കാർഷികസർവ്വകലാശാലയുടെ വിജ്ഞാനവ്യാപന വിഭാഗത്തിനു കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെൻ്ററിൽ 'സസ്യപ്രജനന രീതികൾ-ബഡിങ്, ഗ്രാഫ്റ്റിങ്, ലയറിങ് എന്ന വിഷയത്തിൽ സൗജന്യപരിശീലനം നൽകുന്നു. 2025 മാർച്ച് 17, 18 തീയതികളിലാണ് പരിശീലനം. പങ്കെടുക്കാനാഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പങ്കെടുക്കുവാൻ അവസരം ലഭിക്കുക. രജിസ്ട്രേഷനായി പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ 8547070773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

5. കേരള കാർഷികസർവ്വകലാശാലയുടെ വിജ്ഞാനവ്യാപന വിഭാഗത്തിനു കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ 'ശുദ്ധജലമൽസ്യകൃഷിയും അക്വേറിയം പരിപാലനവും' എന്ന വിഷയത്തിൽ സൗജന്യപരിശീലനം നൽകുന്നു. 2025 മാർച്ച് 15 നാണ് പരിശീലനം.പങ്കെടുക്കാനാഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പങ്കെടുക്കുവാൻ അവസരം ലഭിക്കുക. രജിസ്ട്രേഷനായി പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ താഴെ ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ : 8547070773.

6. കേരള കാർഷികസർവ്വകലാശാലയുടെ വിജ്ഞാനവ്യാപന വിഭാഗത്തിനു കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെൻ്ററിൽ 'കൂൺ കൃഷി' യിൽ സൗജന്യപരിശീലനം നൽകുന്നു. 2025 മാർച്ച് 13 നാണ് പരിശീലനം. പങ്കെടുക്കാനാഗ്രഹിക്കുന്നവർ മുൻകുട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പങ്കെടുക്കുവാൻ അവസരം ലഭിക്കുക. രജിസ്ട്രേഷനായി പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ താഴെ ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ : 8547070773.

7. ഉത്പാദനക്ഷമമല്ലാത്ത പഴയ റബ്ബർമരങ്ങൾ മുറിച്ചുമാറ്റി വിപണനം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (2025 മാർച്ച് 12 ബുധനാഴ്ച) രാവിലെ 10 മണി മുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ (എഞ്ചിനീയറിങ്) ഉമാശങ്കർ ജി. മറുപടി പറയും. കോൾസെന്റർ നമ്പർ 0481- 2576622.

8. റബ്ബർബോർഡിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ റബ്ബർതോട്ടങ്ങള് ജിയോ മാപ്പിങ് ചെയ്യുന്ന നടപടികൾക്ക് അടുത്ത ആഴ്ച തുടക്കമാകും. ഭൂമിയുടെ ഉടമസ്ഥാവകാശം, വിസ്തൃതി, റബ്ബർതോട്ടങ്ങളുടെ അതിരുകൾ തുടങ്ങിയ വിശദാംശങ്ങൾ ശേഖരിച്ചുകൊണ്ടാണ് മാപ്പിങ് നടത്തുന്നത്. തുടക്കത്തിൽ കേരളത്തിലെ റബ്ബർകൃഷിയുള്ള പത്ത് ജില്ലകളിലായിരിക്കും ഡിജിറ്റൽ മാപ്പിങ് നടത്തുക. തുടർന്ന് മറ്റ് പ്രദേശങ്ങളിലും ഇത് നടപ്പാക്കും. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന റബ്ബര് യൂറോപ്യൻ യൂണിയന്റെ വനനശീകരണ ചട്ടങ്ങൾ (ഇ.യു.ഡി.ആർ.) അനുസരിച്ചുള്ള ഇന്ത്യൻ സുസ്ഥിര പ്രകൃതിദത്തറബ്ബർ (ഐ.എസ്.എൻ.ആർ. - iSNR ) ആണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതിന്റെ ഭാഗമായാണ് ഇപ്പോൾ ജിയോ മാപ്പിങ് ചെയ്യുന്നത്. പ്രകൃതിദത്തറബ്ബറിന്റെ വ്യവസായത്തിൽ ഇന്ത്യയുടെ അന്താരാഷ്ട്ര നിലവാരം ഉയർത്തുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. ട്രേസബിലിറ്റി സർട്ടിഫിക്കറ്റ്, റബ്ബറിന്റെ ഉറവിടം എവിടെയാണെന്നും അവിടെ യൂറോപ്യൻ യൂണിയന്റെ വനനശീകരണ നിയന്ത്രണങ്ങൾ (ഇ.യു.ഡി.ആർ.) പാലിക്കുന്നുണ്ടെന്നും ഉറപ്പുനൽകുന്നു. ഈ സർട്ടിഫിക്കേഷന് ഇന്ത്യയിൽ നിന്ന് റബ്ബർ കയറ്റുമതി ചെയ്യുന്നവർക്ക് സുസ്ഥിരതയും വ്യവസായവളർച്ചയും ലഭിക്കാൻ സഹായകമാകുന്നതിനൊപ്പം യൂറോപ്യൻ വിപണിയിൽ സജീവമാകാനും ഉപകരിക്കും. റബ്ബറുത്പന്നങ്ങൾ നിർമിക്കുമ്പോൾ വനനശീകരണത്തിനുള്ള നിയന്ത്രണങ്ങൾ പൂർണമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ' ഡ്യൂ ഡിലിജൻസ് ' സർട്ടിഫിക്കറ്റ് നൽകും. റബ്ബർ കയറ്റുമതിക്കാർക്ക് ആവശ്യമായ രേഖകളും ജിയോ ലൊക്കേഷന്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവരങ്ങളും ഉപയോഗപ്പെടുത്തി റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) വഴി iSNR പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാൻ കഴിയും. റബ്ബർബോർഡ് വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുന്ന കയറ്റുമതിക്കാർക്ക് മാപ്പിങ് പൂർത്തിയാകുന്ന മുറയ്ക്ക്, ഇ.യു.ഡി.ആർ. നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ ട്രേസബിലിറ്റി സർട്ടിഫിക്കറ്റുകള്, ഡ്യൂ ഡിലിജൻസ് ഡിക്ലറേഷനുകൾ, ജിയോ ലൊക്കേഷൻ ഡേറ്റ തുടങ്ങി ആവശ്യമായ എല്ലാ രേഖകളും ഈ പ്ലാറ്റ്ഫോം വഴി നൽകും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം